"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

റവന്യൂ വകുപ്പ് - ഭൂമിയുടെ പോക്കുവരവ് - പോക്കുവരവ് ഫീസ് പുനർനിർണ്ണയം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

റവന്യൂ (ഇ) വകുപ്പ്

സ.ഉ.(കൈ) നം.134/2020/റവ. തീയതി,തിരുവനന്തപുരം, 19/05/2020

പരാമർശം:- 1 01/09/1966- ലെ സ.ഉ.(പി)നം.490/66/റവന്യൂ

2 ലാന്റ് റവന്യൂ കമ്മീഷണറുടെ 26/02/2020 ലെ എൽ.ആർ.ബി3 - 9379/2020 നമ്പർ കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്ത് നടക്കുന്ന ഭൂമിയുടെ കൈമാറ്റങ്ങൾക്കനുസൃതമായി റവന്യൂ, സർവ്വെ രേഖകളിൽ മാറ്റങ്ങൾ വരുത്തുന്നതിനായി രൂപം കൊടുത്തിട്ടുള്ളതാണ് പരാമർശം (1) പ്രകാരമുള്ള പോക്കുവരവ് ചട്ടങ്ങൾ. 2020-21 ബഡ്ജറ്റ് പ്രസംഗത്തിലെ ഖണ്ഡിക 251 ൽ പോക്കുവരവിനുള്ള ഫീസ് വർദ്ധിപ്പിക്കുവാനും കൂടാതെ ആധാരത്തിലെ ഓരോ പട്ടികയും പ്രത്യേക യൂണിറ്റുകളായി കണക്കാക്കുവാനും നിർദ്ദേശിച്ചിരുന്നു. പ്രസ്തുത വിഷയത്തിൽ ലാന്റ് റവന്യൂ കമ്മീഷണർ പരാമർശം (2) പ്രകാരം ശിപാർശ സമർപ്പിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ആധാരത്തിലെ ഓരോ പട്ടികയും പ്രത്യേക യൂണിറ്റുകളായി കണക്കാക്കി താഴെ പറയുന്ന തരത്തിൽ പോക്കുവരവ് ഫീസ് നിരക്ക് പുതുക്കി നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്യുന്നു.

| ക്രമ നമ്പർ | വിസ്തീർണ്ണം | പോക്കുവരവ് ഫീസ് (രൂപ) |
|---|---|---|
| 1 | 10 ആർ വരെ | 100 |
| 2 | 10 ആറിന് മുകളിൽ 20 ആർ വരെ | 200 |
| 3 | 20 ആറിന് മുകളിൽ 50 ആർ വരെ | 300 |
| 4 | 50 ആറിന് മുകളിൽ 1 ഹെക്ടർ വരെ | 500 |
| 5 | 1 ഹെക്ടറിന് മുകളിൽ 2 ഹെക്ടർ വരെ | 700 |
| 6 | 2 ഹെക്ടറിന് മുകളിൽ | 1000 |

ഈ ഉത്തരവിന് 01/04/2020 മുതൽ പ്രാബല്യം ഉണ്ടായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

വേണു.വി

പ്രിൻസിപ്പൽ സെക്രട്ടറി

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, നിയമസഭാ സെക്രട്ടറിയേറ്റ്

സർവ്വെ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും
ഇൻസ്പെക്ടർ ജനറൽ, രജിസ്ട്രേഷൻ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻ (വെബ് & ന്യൂമീഡിയ) വകുപ്പ്
ധനകാര്യവകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ